# CENTRAL BOARD SECONDARY EDUCATION
# SAMPLE QUESTION PAPER FOR BOARD EXAM – MARCH/APRIL 2019
**(മാതൃകാ ചോദ്യപേപ്പർ)**

| | | |
|---|---|---|
| STD : XII | MALAYALAM | MAX MARKS : 100 |
| TIME : 3Hrs | (മലയാളം) | ആകെ മാർക്ക് : 100 |

(അനുവദിച്ച സമയം
3 മണിക്കൂർ)

**The question paper is divided into four section**

| | | | |
|---|---|---|---|
| **Section 1** | **:** | **Grammar** | **: 15 marks** |
| **Section 2** | **:** | **Writing** | **: 15 marks** |
| **Section 3** | **:** | **Reading Comprehension** | **: 10 marks** |
| **Section 4** | **:** | **Literature and Non-detailed** | **: 60 marks** |

---

1. a. ഉപമാലങ്കാരം എന്നാൽ എന്ത് ? ലക്ഷണവും ഉദാഹരണവും എഴുതുക. ലുപ്തോപമ, മാലോപമ എന്നിവ ഉദാഹരണ സഹിതം വിവരിക്കുക

**അല്ലെങ്കിൽ**

ഉൽപ്രേക്ഷാലങ്കാരം എന്നാൽ എന്ത് ? ലക്ഷണവും ഉദാഹരണവും എഴുതുക. ധർമുൽപ്രേക്ഷ, ധർമ്മോൽപ്രേക്ഷ എന്നിവ ഉദാഹരണ സഹിതം വ്യക്തമാക്കുക. (8)

b. വർണ്ണ്യത്തിലാശങ്ക വരുന്ന അലങ്കാരം ഏത് ? ലക്ഷണവും ഉദാഹരണവും എഴുതുക. ഹേതുൽപ്രേക്ഷ, ഫലോൽപ്രേക്ഷ എന്നിവ ഉദാഹരണ സഹിതം വ്യക്തമാക്കുക.

**അല്ലെങ്കിൽ**

ഉപമയും ഉത്പ്രേക്ഷയും തമ്മിലുള്ള സാജാത്യവൈജാത്യങ്ങൾ വിവരിക്കുക (7)

2. a. പ്രകൃതിക്ഷോഭത്തിനെതിരെയുള്ള മുൻകരുതലുകൾ എന്ന വിഷയത്തെ അടിസ്ഥാനമാക്കി നടന്ന ചർച്ചയുടെ റിപ്പോർട്ട് തയ്യാറാക്കുക.

**അല്ലെങ്കിൽ**

സ്ത്രീ സുരക്ഷയ്ക്ക് വേണ്ടി നിയമനടപടികളിൽ വരുത്തേണ്ട മാറ്റങ്ങൾ എന്ന വിഷയത്തെപ്പറ്റി നടന്ന ചർച്ചയെക്കുറിച്ച് റിപ്പോർട്ട് തയ്യാറാക്കുക (7)

b. നാട്ടിൻ പുറങ്ങളിൽ പോലും കടുത്ത ജലക്ഷാമം അനുഭവപ്പെടുന്നതിന്റെ ദയനീയാവസ്ഥ സൂചിപ്പിച്ച് പ്രമുഖ പത്രത്തിന്റെ പത്രാധിപർക്ക് കത്തെഴുതുക

**അല്ലെങ്കിൽ**

അടിയ്ക്കടിയുള്ള ഇന്ധന വിലവർദ്ധന സാധാരണക്കാരന്റെ ജീവിതത്തെ ദുസ്സഹമാക്കുന്നു എന്നു കാണിച്ച് പത്രാധിപർക്ക് കത്തെഴുതുക. (8)

c. താഴെകൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക
'സാഹിത്യനിരൂപണം' എന്ന പദത്തിന് ഒരു പുതിയ നിർവ്വചനം ആവശ്യമില്ല. എന്നാൽ നിരൂപണപ്രകിയയ്ക്ക് കാലം ചെല്ലുന്തോറും പുതിയ പുതിയ മാന

ങ്ങൾ ഉണ്ടാവാറുണ്ടെന്നതു് വിസ്മരിക്കരുത്. അവസാന വിശകലനത്തിൽ, ഒരു സാഹിത്യസൃഷ്ടി നല്ലതോ ചീത്തയോ എന്നതും, എന്തുകൊണ്ട്? എത്രത്തോളം? എന്നതും നിർണ്ണയിക്കുന്ന കലയാണത്. അതിനാൽ ഒരു നിരൂപകന്റെ കർത്തവ്യം വിലയിരുത്തലാണെന്നു സിദ്ധിക്കുന്നു. വിലയിരുത്തൽ, തൂക്കിനോക്കൽ, വിധിപ്രസ്താവിക്കൽ, ഗുണനിർണ്ണയം എന്നൊക്കെ പറയുമ്പോൾ അതിനു ചില അടിസ്ഥാനങ്ങളോ നിയമങ്ങളോ മാനദണ്ഡങ്ങളോ അനുപേക്ഷണീയമാണെന്നു സിദ്ധിക്കുന്നു. ഈ അടിസ്ഥാന പ്രമാണങ്ങൾക്കു കാവ്യമീമാംസയെന്നും സാഹിത്യശാസ്ത്രമെന്നും സാഹിത്യനിരൂപണ പ്രമാണങ്ങൾ എന്നും പറയാറു  ്. ഒരു വസ്തുവിന് ഇത്ര തൂക്കമുണ്ടെന്ന് നിശ്ചയിക്കാൻ തുലാസിൽ കട്ടകൾ ഇട്ടു നോക്കിയാൽ മതി. സാഹിത്യമൂല്യനിർണ്ണയം അത്ര എളുപ്പമുള്ള പ്രക്രിയയല്ല; എങ്കിലും ഒരു കവിതയുടെ അല്ലെങ്കിൽ നാടകത്തിന്റെ ഗുണം നിർണ്ണയിക്കുന്നതിനുള്ള അടിസ്ഥാനവ്യവസ്ഥകൾ കലാമർമ്മജ്ഞന്മാർ ഉറപ്പിച്ചു തന്നിട്ടുണ്ട്. പക്ഷേ, അവയുടെ പ്രയോഗത്തിൽ നൂറു ശതമാനവും വസ്തുനിഷ്ഠത പാലിക്കുക സാധ്യമല്ല. സാഹിത്യാസ്വാദനത്തിലും മൂല്യനിർണ്ണയത്തിലും വ്യക്തിഗതമായ ഘടകങ്ങൾ ഒരളവിൽ കലർന്നുപോകും. വികാരസംസ്ക്കരണത്തിലൂടെ ജീവിതത്തെ ഉദാത്തമേഖലകളിലേക്കു നയിക്കുകയും സൽപ്രേരണ നൽകുകയും ചെയ്യുന്ന കൃതിയാണ് ശരിക്കും സാഹിത്യം എന്ന പേരിന് അർഹമാകുന്നത്. പക്ഷേ, ഏതൊക്കെ ഘടകങ്ങളാണ് ഈ സംസ്കാരത്തിനു സഹായിക്കുന്നത് എന്ന ചോദ്യത്തിന് വ്യക്തികളെല്ലാം ഒരേതരത്തിൽ മറുപടി തരണമെന്നില്ല. അല്പംപോലും മുൻവിധിയോ പക്ഷപാതമോ ഇല്ലാത്ത ഒരു നിരൂപകനെ എങ്ങും ക  ുകിട്ടുകയില്ല. ധാർമ്മികവും രാഷ്ട്രീയവും കാലികവുമായ ഘടകങ്ങൾ ഏതൊരു നിരൂപകന്റെയും പ്രതികരണത്തിന്റെ പിന്നിൽ ഉ  ായിരിക്കും. അതാണ് സാഹിത്യനിരൂപണമേഖലയിലെ ഒരു വലിയ പ്രശ്നം. എങ്കിലും സാഹിത്യപരിചയവും പരിശീലനവും കൊ  ് അഭിരുചിവിഷയത്തിൽ ഒരു അഭിപ്രായൈക്യം പലപ്പോഴും സംസിദ്ധമാകാറു  ്.

**ചോദ്യങ്ങൾ**

1. സാഹിത്യനിരൂപണം എന്നാൽ എന്ത്? (2)
2. ''ഒരളവിൽ കലർന്നു പോകും''. എന്ത്? (2)
3. ശരിക്കും ''സാഹിത്യം'' എന്ന പേരിന് അർഹമാകുന്നത് എന്ത്? (2)
4. ''അതാണ് സാഹിത്യനിരൂപണമേഖലയിലെ ഒരു വലിയ പ്രശ്നം'' ഏത്? (2)
5. ഈ ഖണ്ഡികയ്ക്ക് ഉചിതമായ ഒരു ശീർഷകം നൽകുക. (2)

3. a. **താഴെക്കൊടുത്തിട്ടുള്ളവയിൽ ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക** (6 x 5 = 30)

1. ''കാട്ജിനെ ഇന്ത്യാസിലെ അവരുടെ വീടിന് ഒരു മുറ്റവും ഉൾക്കടലിനോട് ചേർന്ന് ബോട്ടുകൾ അടുപ്പിക്കാനുള്ള ഒരു സ്ഥലവും ഉണ്ടായിരുന്നു'' ഇവ നഷ്ടപ്പെട്ടതിന്റെ വേദനയും അതിന്റെ വീണ്ടെടുപ്പും മാർക്കെസ് അവതരിപ്പിച്ചിരിക്കുന്നതെങ്ങനെയെന്ന് വിശദമാക്കുക.

2. ‘അവകാശങ്ങളുടെ പ്രശ്നം’ എന്ന കഥയിൽ ‘ഫോട്ടോ’ എന്ന വസ്തുവിന് ഓരോരുത്തരും വ്യത്യസ്തമായ കാഴ്ച്ചപ്പാടാണ് നൽകിയിരിക്കുന്നത്. സ്ഥാപിക്കുക.
3. ‘അഗ്നിവർണ്ണന്റെ കാലുകൾ’ എന്ന നാടകത്തിൽ ‘അടിച്ചുതളിക്കാരി’ എന്ന കഥാപാത്രത്തിന്റെ രംഗപ്രവേശത്തിന്റെ പ്രാധാന്യമെന്ത്?
4.‘മനസ്സുണ്ടെങ്കിൽ ഏതു പ്രതിസന്ധിയെയും അതിജീവിക്കാനാവും’. ഹൈദരലിയുടെ ജീവിതം ഒരുദാഹരണമാണ്. സ്ഥാപിക്കുക.
5. മാപ്പിളപ്പാട്ടിൽ മലയാളീയതയ്ക്ക് ഇത്രയും പ്രാധാന്യം കൊടുത്ത മറ്റാരുമില്ല. ആരെക്കുറിച്ചാണ് ഈ പ്രസ്താവന? വിവരിക്കുക.
6. ‘ഗൗളിജന്മം’ എന്ന കഥയിൽ കാണുന്ന നിഗൂഢമായ ഹാസ്യം വിശകലനം ചെയ്യുക.
7. ‘‘പ്രാചീനതയ്ക്കൊപ്പം വർത്തമാനകാലത്തിന്റെ ഇഴകൾ കൂടിച്ചേർത്താണ് എസ്.കെ.പൊറ്റെക്കാട് രചന നടത്തുന്നത് ’’. ‘ബദരിയും പരിസരങ്ങളും’ എന്ന പാഠഭാഗത്തെ ആസ്പദമാക്കി വിശദീകരിക്കുക
8. മാധ്യമങ്ങളെ പതിവുരീതികളിൽ നിന്നു മാറ്റി അവയെ ജനാധിപത്യവേദികളാക്കി പരിവർത്തനപ്പെടുത്തുന്നതിൽ സാങ്കേതിക വിദ്യയിലെ പുരോഗതിക്കുള്ള പങ്ക് വ്യക്തമാക്കുക.

b. **താഴെക്കൊടുത്തിട്ടുള്ളവയിൽ ഏതെങ്കിലും നാലു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക** (4 x 5 = 20)

1. ‘‘ഭേദവും നമ്മിലെത്ര പാരമുേ  ാർക്കുന്നേരം
ചേതസി വിചാരിക്ക ഭൂപതിതിലകമേ!’’
ഇതാരുടെ വാക്കുകൾ? എപ്രകാരമാണ് ഭേദം കല്പിക്കുന്നത്?
2. ‘കിരാതവൃത്തം’ എന്ന കവിതയിലെ ദൃശ്യബിംബങ്ങളുടെ സവിശേഷത പരിശോധിക്കുക.
3. ‘കേശിനി’ എന്ന കഥാപാത്രസൃഷ്ടി എത്രത്തോളം ഉചിതമായിരിക്കുന്നു?
4. ‘‘വെറുമൊരു മോഷ്ടാവായോരെന്നെ
കള്ളനെന്നു വിളിച്ചില്ലേ’’ - എന്ന വരികളിലെ ‘വെറുമൊരു മോഷ്ടാവ് ’ എന്ന വാക്കുകളിൽ അടങ്ങിയിരിക്കുന്ന അർത്ഥ വ്യാപ്തിയും ചിന്തയും വിശദമാക്കുക.
5. ‘‘മൂർഖനാമവനോടു പണ്ഡിതൻ ശുഭാശുഭ-
മാഖ്യാനം ചെയ്താൽ മൂർഖനശുഭം ഗ്രഹിച്ചീടും’’
ആശയവും സന്ദർഭവും വിശദമാക്കുക
6.‘‘മാനത്തിനു മൗനം, ഭ്രാന്ത-
സ്നേഹത്തിനു ദാഹം പെരുകി
മാന്തോപ്പുകളുരുകും മണ്ണി-
ലിരുന്നൂ കാട്ടാളൻ........’’
പ്രകൃതിയുടെയും കാലാവസ്ഥയുടെയും പ്രതിഫലനം ഈ വരികളിൽ എത്ര മാത്രം പ്രകടമാണ്?

**4. താഴെക്കൊടുത്തിട്ടുള്ളവയിൽ ഏതെങ്കിലും ഒരു ചോദ്യത്തിന് ഉത്തരമെഴുതുക** (1 x 10 = 10)

a. ''വിക്ടോറിയയിലെ പരീക്ഷ'' എന്ന ലേഖനം ഇന്നത്തെ യുവതലമുറയ്ക്ക് നൽകുന്ന ഒരുപദേശമാണ്. സ്ഥാപിക്കുക

**അല്ലെങ്കിൽ**

b. ഒരു സാഹിത്യകാരനാകാൻ എംടിയെ സഹായിച്ച ഘടകങ്ങൾ 'അമ്മയ്ക്ക്' എന്ന കൃതിയിൽ എത്രത്തോളം പ്രതിഫലിക്കുന്നു. വിശദമാക്കുക